# ജോൺ ഓഫ് ഗോഡ് മെസഞ്ചർ

A NEWSLETTER OF ST. JOHN OF GOD SPECIAL SCHOOL, VELLOOR

VOL. 1 ISSUE 6 MARCH 2008




മാർച്ച് 8
വി. ജോൺ ഓഫ് ഗോഡിന്റെ തിരുനാൾ ആശംസകൾ

**JOHN OF GOD MESSENGER**
Newsletter

Vol. 1
Issue 6
March 2008

**ST. JOHN OF GOD SPECIAL SCHOOL**
Annadivayal, Velloor P.O.
Pampady, Kottayam - 686501

Tel. 0481 - 2373236, 2373222
e-mail: seldjohnofgodschool@yahoo.com
web: www.stjohnofgodcentre.org

**CHIEF EDITOR**

Mr. Dipu John

**EDITORIAL BOARD MEMBERS**

Bro. Johny Pullanithundathil
Sr. Litty Xavior SCJG
Sr. Ansa John SCJG
Mr. Aneesh MK
Mr. Boby Mathew
Mrs. Sreekala Raveendran

**TYPE SETTING & PRINTING**
SR Graphics
Mass Tower, Viaskara, Kottayam-39
Tel : 0481 - 2301142

PRIVATE CIRCULATION ONLY

# എഡിറ്റോറിയൽ

ലോകജനസംഖ്യയിൽ രണ്ടുമുതൽ മൂന്നുശതമാനം വരെ ബുദ്ധിമാന്ദ്യവും അതിനോടനുബന്ധ അസ്വസ്ഥതകളും അനുഭവിക്കുന്നവരാണ്. സാർവ്വത്രികമായ ഒരു അവസ്ഥ എന്ന നിലയിൽ നമ്മുടെ ചുറ്റുപാടുകളിലും ബുദ്ധിവൈകല്യം അനുഭവിക്കുന്നവരുണ്ട്. ആദ്യകാലങ്ങളിൽ ബുദ്ധിമാന്ദ്യത്തെ ഒരു രോഗമായിക്കണ്ട് ഇത്തരത്തിലുള്ളവരെ വീടുകളിൽത്തന്നെ സംരക്ഷിച്ചിരുന്ന ഒരു സ്ഥിതിവിശേഷം നിലനിന്നിരുന്നു. എന്നാൽ പിൽക്കാലത്ത് ബുദ്ധിമാന്ദ്യമുള്ളവർക്ക് പരിശീലനം നൽകുന്നതിനായി പ്രത്യേക പരിശീലനപദ്ധതികൾ നിലവിൽ വരികയും സ്പെഷ്യൽ സ്കൂളുകളിലൂടെ ഇവർക്ക് പരിശീലനം ലഭിക്കുകയും ചെയ്തു.


ഗവൺമെന്റ് പുതിയ വിദ്യാഭ്യാസപദ്ധതിയിലൂടെ വൈകല്യമുള്ളവരുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും വൻതുക ചിലവാക്കിവരുന്നു. ഉദ്ദേശശുദ്ധിയും ലക്ഷ്യവും ചില കാഴ്ചപ്പാടുകൾ നമുക്കു നൽകുമെങ്കിലും, പദ്ധതിയുടെ പ്രായോഗികത എത്രത്തോളം ക്രിയാത്മകമാണെന്ന് കാത്തിരുന്നു കാണേണ്ടിയിരിക്കുന്നു. വൈകല്യമുള്ളവരെക്കുറിച്ചുള്ള വിശദമായ ഒരു സ്ഥിതിവിവരക്കണക്കോ, വൈകല്യങ്ങളുടെ തീവ്രതയ്ക്കനുസൃതമായ പരിശീലനമോ, സമഗ്രമായ ഒരു പുനരധിവാസ നയമോ ഇല്ലാതെ കതിരിൽ വളംവയ്ക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. മിതമായ വൈകല്യമുള്ളവരെ സംയോജിത വിദ്യാഭ്യാസത്തിലൂടെ പരിശീലിപ്പിക്കാൻ സാധിക്കും. എന്നാൽ തീവ്രതയേറിയ വൈകല്യമുള്ളവരുടെ പരിശീലനവും പുനരധിവാസവും ഒരു സമസ്യയായി അവശേഷിക്കുന്നു.

ഇക്കഴിഞ്ഞ സംസ്ഥാന സർക്കാരിന്റെ പൊതുബജറ്റിൽ 10 കോടി രൂപ ഇവരുടെ പുരോഗതിക്കുവേണ്ടി വകയിരുത്തിയിരിക്കുന്നു എന്നത് സ്വാഗതാർഹമാണെങ്കിൽത്തന്നെയും സമഗ്രവും വസ്തുനിഷ്ഠവുമായ ഒരു നയരൂപീകരണമാണ് പ്രാഥമികമായി ഈ മേഖലയിൽ നടത്തേണ്ടത്. ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ പുനരധിവാസമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെയും വിദ്യാഭ്യാസവിദഗ്ധരുടെയും പങ്കാളിത്തത്തോടെയാവണം ഇതു സാധ്യമാക്കുവാൻ.

ബുദ്ധിമാന്ദ്യമുള്ളവരുടെ പുനരധിവാസക്ഷേമപ്രവർത്തനങ്ങൾ സാമൂഹികക്ഷേമവകുപ്പിന്റെ കീഴിലാണ് നടന്നുവന്നിരുന്നത്. എന്നാൽ ഇപ്പോൾ അത് വിദ്യാഭ്യാസവകുപ്പ് ഏറ്റെടുക്കുകയും സ്പെഷ്യൽ സ്കൂളുകളെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാക്കുകയും ചെയ്തു. പ്രത്യേക വിദ്യാഭ്യാസത്തെക്കുറിച്ചോ സ്പെഷ്യൽ സ്കൂളുകളുടെ നടത്തിപ്പിനെക്കുറിച്ചോ കാര്യമായ ഗ്രാഹ്യമില്ലാത്ത വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും ഈ മേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കിയിരിക്കുന്നു.

സമൂഹത്തിന്റെ സജീവശ്രദ്ധയും സഹായവുമില്ലാതെ നിലനിൽപില്ലാത്ത ഈ വിഭാഗത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനും ഗവൺമെന്റ് ചെവികൊടുക്കുന്നുവെങ്കിൽ മേൽപറഞ്ഞുതുപോലെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളെയും വിദ്യാഭ്യാസവിദഗ്ധരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കമ്മീഷനെ നിയമിച്ച് സമഗ്രവും ദീർഘവീക്ഷണവുമുള്ള ഒരു നയരൂപീകരണമാണ് ആവശ്യം.

**ദീപു ജോൺ**
എഡിറ്റർ





സി. ലിറ്റി സേവ്യർ SCJG
പ്രിൻസിപ്പാൾ

# സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂൾ

## 10–ാമത് സ്കൂൾ വാർഷിക റിപ്പോർട്ട്

അക്ഷരനഗരിയായ കോട്ടയം ജില്ലയിൽ ദൈവാനുഗ്രഹത്തിന്റെ തണലിൽ നല്ലതമ്പുരാൻ കൈപിടിച്ച് നടത്തുന്ന സ്ഥാപനമാണ് St. John of God Special School. 'അഴുകി വീണവർക്ക് അഴകേകിയ' വി. ജോൺ ഓഫ് ഗോഡിന്റെ മാതൃകയനുകരിച്ച് ആതുരസേവനം പ്രധാന ദൗത്യമായി സ്വീകരിച്ച സെന്റ് ജോൺ ഓഫ് ഗോഡ് കോൺഗ്രിഗേഷനാൽ നടത്തപ്പെടുന്ന സ്ഥാപനമാണ് സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂൾ.

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി പരിശീലനം നൽകുന്ന ഈ സ്ഥാപനത്തിൽ 165 കുട്ടികൾ ഇന്നു പരിശീലനം നേടുന്നു. 2007 ജൂൺ 5-ന് 2007-2008 അദ്ധ്യയന വർഷം ആരംഭിച്ചു. കഴിഞ്ഞ ഒൻപതുവർഷമായി ഈ സ്ഥാപനത്തിന്റെ ഡയറക്ടറായിരുന്ന ബ്രദർ അഗസ്റ്റിന്റെയും ഈ സ്കൂളിന്റെ സാരഥ്യം സധൈര്യം ഏറ്റുവാങ്ങിയ ഫാ. ജോർജ്ജിന്റെയും നേതൃത്വത്തിൽ അന്നേ ദിവസം അസംബ്ലി നടത്തുകയും ജോർജ്ജച്ചൻ ഏവർക്കും നല്ലൊരു സ്കൂൾ വർഷം ആശംസിക്കുകയും ചെയ്തു. തദവസരത്തിൽ 148 കുട്ടികളാണ് ഉണ്ടായിരുന്നത്. ഇവരുടെ സർവ്വോന്മുഖമായ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സന്നദ്ധരായ 20 അദ്ധ്യാപകരും 25-ൽപരം അനദ്ധ്യാപകരും അവരോടൊപ്പം പുതുവർഷത്തിന് പ്രതീക്ഷയേകാനുണ്ടായിരുന്നു.

സർവ്വശക്തൻ അനുഗ്രഹിക്കുന്നതിനാലും വി. ജോൺ ഓഫ് ഗോഡിന്റെ മധ്യസ്ഥതയാലും ഒട്ടനവധി നല്ല മനസ്സുകളുടെ സഹകരണത്താലും ഇന്ന് ഈ സ്ഥാപനം കൂടുതൽ വിപുലമായ രീതിയിൽ പുരോഗതിയുടെ പാതയിലൂടെ അനസ്യൂതം മുന്നേറിക്കൊണ്ടിരിക്കുന്നതിൽ ഞങ്ങൾ തമ്പുരാന് നന്ദിപറയുന്നു. സ്കൂളിന്റെ പ്രവർത്തനങ്ങളോടൊപ്പം ജീവനും ഓജസ്സും നൽകി ഹോസ്റ്റൽ പ്രവർത്തനങ്ങളും അനസ്യൂതം മുന്നേറിക്കൊണ്ടിരിക്കുന്നു. ഹോസ്റ്റൽ കോ-ഓർഡിനേറ്ററായ ദീപു ജോണിന്റെ നേതൃത്വത്തിൽ Teaching & Non Teaching Staff-ന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങളിലൂടെ 110 കുട്ടികൾ ഇവിടെ താമസിച്ച് പരിശീലനം നേടുകയും 50 -ൽപരം കുട്ടികൾ Day-care Students ആയും പരിശീലനം നേടുന്നു.

2006-2007 അദ്ധ്യയനവർഷത്തിലെ Annual Evaluation-ന്റെ മാർക്കു കണക്കിലാക്കിയും കുട്ടികളുടെ വയസ്സ്, കഴിവ് എന്നിവ കണക്കിലെടുത്തും അവരെ വിവിധ ക്ലാസ്സുകളായി തിരിച്ച് രണ്ടാഴ്ചത്തെ വിലയിരുത്തലിലൂടെ ഒരു വർഷത്തെ ഗോൾ ഓരോ കുട്ടിക്കും തയ്യാറാക്കി.

ഓരോ മാസവും ക്ലാസ്സ് ടീച്ചേഴ്സ് കുട്ടികളെ വിലയിരുത്തുകയും First Term, Second Term, Third Term Evaluations നടത്തുകയും ചെയ്തു. മാസാമാസം കൂടിയ Staff meeting-കളിലും In-charges' Meeting-കളിലും Home meeting-കളിലും Management Team Meeting -കളിലും കുട്ടികളെക്കുറിച്ചും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തി.

## COMMON PROGRAMMES



കഴിഞ്ഞവർഷം സ്കൂൾ അടച്ച് കുട്ടികൾ വീട്ടിൽ പോയതിനുശേഷം സ്കൂളിലെയും ഹോസ്റ്റലിലെയും സ്റ്റാഫിനായി ഒരു ടീച്ചേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാം നടത്തുകയുണ്ടായി. 2007 ഏപ്രിൽ 24 മുതൽ മെയ് 18 വരെ സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപകരെയും അനദ്ധ്യാപകരെയും സംബന്ധിച്ചിടത്തോളം തങ്ങളുടെ കഴിവുകളിലേക്കും ആത്മവിശ്വാസത്തിലേയ്ക്കും നയിച്ച അനുഭവങ്ങളുടെ കാലയളവായിരുന്നു. അറിവിന്റെ അവധിക്കാലം എന്ന പേരിൽ നടന്ന ശില്പശാലയിൽ പ്രമുഖരായ പലരും ക്ലാസ്സുകൾ നയിച്ചു. അതോടൊപ്പം ഈ സ്ഥാപനത്തിലെ സഹപ്രവർത്തകരെ മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ട് തമിഴ്നാട്ടിലെ വേളാങ്കണ്ണി, ട്രിച്ചി എന്നീ സ്ഥലങ്ങളിലേയ്ക്ക് വിനോദയാത്ര സംഘടിപ്പിച്ചു.

2007 ഏപ്രിൽ 7,8 തീയതികളിൽ Rehabilitation Counsil of India-യുടെ ചെയർമാൻ മേജർ ജനറൽ ഇവാൻ കാർഡോസോ ജോൺ ഓഫ് ഗോഡ് സെന്ററിൽ സന്ദർശനം നടത്തി. ആഗസ്റ്റ് 15-ന് സ്വാതന്ത്രഭാരതത്തിന്റെ 60-ാം വാർഷികം വർണ്ണാഭമായ ചടങ്ങുകളോടെ നടത്തപ്പെട്ടു. രാഷ്ട്രത്തോടുള്ള ആദരസൂചകമായി ജോൺ ഓഫ് ഗോഡ് ബാന്റ്സെറ്റിന്റെ ചിട്ടയായ താളങ്ങളുടെ അകമ്പടിയിൽ ശ്രീ. മാത്യു പി. കുര്യൻ പുളിക്കപ്പറമ്പിൽ



പതാക ഉയർത്തുകയും തുടർന്ന് ബ്രദർ സജി മുള്ളൻകുഴിയിൽ സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു. ഓഗസ്റ്റ് 24-ന് സ്കൂളിൽ ഓണാഘോഷപരിപാടികൾ നടത്തപ്പെട്ടു. എം. ആർ. എഫിലെ വെൽഫെയർ ഓഫീസർ പ്രമീള സക്കറിയ ഓണാഘോഷ പരിപാടികൾ ഉത്ഘാടനം ചെയ്യുകയും ഓണസന്ദേശം നല്കുകയും ചെയ്തു.

ജൂലൈ 7-ാം തീയതി ഈ വർഷത്തെ പ്രഥമ പി.റ്റി.എ. മീറ്റിംഗ് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ പി.റ്റി.എ. ഭരണസമിതിക്ക് രൂപകല്പന നല്കുകയും ചെയ്തു. പ്രസിഡന്റ് ശ്രീ. ഷാജി എ.എസ്., വൈസ്പ്രസിഡന്റ് ശ്രീ. ഗോപിനാഥൻ നായർ, സെക്രട്ടറി ശ്രീ. ദീപു ജോൺ, ജോയിന്റ് സെക്രട്ടറി ശ്രീമതി ശ്രീകല രവീന്ദ്രൻ, ട്രഷറർ സിസ്റ്റർ ലിറ്റി സേവ്യർ എന്നിവരുടെ നേതൃത്വത്തിൽ പി.റ്റി.എ. എക്സിക്യൂട്ടീവ് നിലവിൽവന്നു. അദ്ധ്യാപകദിനത്തോടനുബന്ധിച്ച് ഏറ്റുമാനൂർ സാൻജോസ് വിദ്യാലയത്തിൽ നടന്ന സെമിനാറിലും ഓൾകേരള ലെവലിലും ജില്ലാ തലത്തിലും നടത്തിയ ടീച്ചേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാമിലും കട്ടപ്പനയിൽ വച്ചു നടത്തിയ കോ-വർക്കേഴ്സ് സംഗമത്തിലും നമ്മുടെ സ്ഥാപനത്തിലെ അദ്ധ്യാപക അനദ്ധ്യാപകർ പങ്കെടുത്തു.

ഒക്ടോബർ 1-ന് പ്രശസ്ത മലയാള ക്രിസ്തീയ ഭക്തിഗാന സംഗീത സംവിധായകൻ കെ.ജി. പീറ്റർ നമ്മുടെ കുട്ടികളോടൊപ്പം അല്പസമയം ചിലവഴിക്കുകയും കലാസന്ധ്യയിൽ സംഗീതം ആലപിക്കുകയും ചെയ്തു.

ഒക്ടോബർ 20-ന് നമ്മുടെ സ്കൂളിലെ കുട്ടികളുടെ സഹോദരങ്ങൾക്കായി സഹോദരസംഗമം നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംങ്ങിൽ ചൈതന്യ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലെ സി. ലിനറ്റ് ക്ലാസ്സ് എടുത്തു.



ഡിസംബർ 11,12,13 തീയതികളിൽ കട്ടപ്പനയിൽ വച്ചു നടന്ന കോ-വർക്കേഴ്സിന് വേണ്ടിയുള്ള 'മീറ്റ് 2007' ൽ നമ്മുടെ സ്ഥാപനത്തിലെ മുഴുവൻ സഹപ്രവർത്തകരും രണ്ടു ബാച്ചുകളിലായി പങ്കെടുത്തു.

നവംബർ 12-ന് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി 'ബ്രദർ ഫോർത്തുനാത്തൂസ് മെമ്മോറിയൽ രണ്ടാമത് അഖിലകേരള ഫുട്ട്ബോൾ ടൂർണ്ണമെന്റ്' നടത്തപ്പെട്ടു. കോട്ടയം ജില്ലാകളക്ടർ ടൂർണ്ണമെന്റ് ഉത്ഘാ



ടനം ചെയ്തു. സെന്റർ ഡയറക്ടർ ഫാ. ജോർജ്ജ് കിഴക്കേക്കരയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമാപനസമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.പി. സുഗുണൻ, പ്രമുഖ ചലിച്ചിത്ര താരങ്ങളായ ചാലി പാല, മിസ്സ് ഉദയതാര എന്നിവർ വിശിഷ്ട അതിഥികളായിരുന്നു. ഡിസംബർ 21-ന് സ്കൂളിൽ ക്രിസ്മസ്സ് ആഘോഷപരിപാടികൾ നടന്നു. പ്രൊവിൻഷ്യാൾ ബ്രദർ അഗസ്റ്റിൻ ക്രിസ്മസ് സന്ദേശം നൽകുകയും എല്ലാവരും തങ്ങളുടെ ക്രിസ്മസ് ഫ്രണ്ടിന് സമ്മാനങ്ങൾ നല്കുകയും ചെയ്തു.

ഫെബ്രുവരി 8, 11 തീയതികളിൽ Annual Arts & Sports Day നടത്തപ്പെട്ടു. പ്രസ്തുത കർമ്മത്തിൽ പ്രൊവിൻഷ്യാൾ ബ്രദർ അഗസ്റ്റിൻ ഉത്ഘാടനകർമ്മം നിർവ്വഹിക്കുകയും ഫസ്റ്റ് കൗൺസിലർ ബ്രദർ ബൈജു വാലുപറമ്പിൽ പതാക ഉയർത്തുകയും ചെയ്തു. ഫെബ്രുവരി 9-ന് നമ്മുടെ കുട്ടികളുടെ മനസ്സിൽ എന്നും ഓർമ്മിക്കുവാൻ എന്നവണ്ണം കോട്ടയം മുതൽ കൊല്ലം വരെ ആദ്യ ബാച്ചിനും, കോട്ടയം മുതൽ കായംകുളം വരെ രണ്ടാമത്തെ ബാച്ചിനും ട്രെയിൻ യാത്രയിലൂടെ ഒരു വിനോദയാത്ര നടത്തി.

കഴിഞ്ഞ 4 വർഷക്കാലമായി നമ്മുടെ സ്ഥാപനത്തിൽ സേഷ്യൽ വർക്കറായി സ്തുത്യർഹ സേവനം ചെയ്തതിനുശേഷം അയർലണ്ടിലേയ്ക്കു പോയ ശ്രീ. ജോബി ജോസഫിന് 2008 ഫെബ്രുവരി 11-ന് യാത്രയയപ്പ് നൽകി. പുതിയ സോഷ്യൽ വർക്കറായി ശ്രീ. അനീഷ് എം.കെ. ജോയിൻ ചെയ്തു.



മാർച്ച് 5-ന് 'ജോസഫ് ജൂഡ് മെമ്മോറിയൽ ക്വിസ് മത്സരം / 'വിജ്ഞാൻ 2008' ജില്ലാതലത്തിൽ നമ്മുടെ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഇതിൽ നമ്മുടെ കുട്ടികൾ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. തോമസ്സ് കുന്നപ്പള്ളി സമ്മാനദാനം നിർവ്വഹിച്ചു.

വി. ജോൺ ഓഫ് ഗോഡിന്റെ തിരുനാൾ ദിനമായ മാർച്ച് 8 നമ്മുടെ സ്കൂളിനെ സംബന്ധിച്ചിടത്തോളം ഉത്സവദിനമായിരുന്നു. കാരണം ദീപിക ബാലജനസഖ്യത്തിന്റെ നേതൃത്വത്തിൽ 10-ാമത് സ്പെഷ്യൽ സ്കൂൾ ഫെസ്റ്റ് നമ്മുടെ സ്കൂളിൽവച്ച് നടത്തപ്പെട്ടു. അന്നേദിവസം



പൊതുമരാമത്ത് മന്ത്രി ശ്രീ. മോൻസി ജോസഫ് ഉത്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

## OUTSIDE PROGRAMMES

ഒക്ടോബർ 1-ന് മാന്നാനം കെ. ഇ. കോളേജിൽവച്ച് സ്പെഷ്യൽ സ്കൂൾ കുട്ടികൾക്കായി നടത്തിയ 'AWAKE - 2007'ൽ നമ്മുടെ സ്കൂളിലെ കുട്ടികൾ പങ്കെടുത്തു. ഒക്ടോബർ 2-ന് ഗാന്ധിജയന്തിയോട് അനുബന്ധിച്ച് പാമ്പാടിയിലെ കെ.ജി. കോളേജിന്റെ നേതൃത്വത്തിൽ നടത്തിയ റാലിയിലും തുടർന്നു നടത്തിയ ശുചീകരണപരി



പാടിയിലും നമ്മുടെ കുട്ടികൾ പങ്കെടുത്തു. ഡിസംബർ 3-ന് ലോക വികലാംഗദിനത്തോട് അനുബന്ധിച്ച് കോട്ടയം കെ.പി.എസ്. മേനോൻ ഹാളിൽവച്ച് നടത്തിയ കലാപരിപാടിയിൽ നമ്മുടെ സ്കൂളിലെ കുട്ടികൾ പങ്കെടുത്തു. ഡിസംബർ 8-ന് ആശാഭവൻ ചങ്ങനാശ്ശേരിയിൽവച്ച് നടന്ന 'Talent Quest 2007'ൽ സരുൺ വല്ലഭൻ വർക്ക് എക്പീരിയൻസിൽ സമ്മാനം നേടുകയും ബെസ്റ്റ് ക്യാമ്പർ ആയി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ജനുവരി 12-ന് അയർക്കുന്നം പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് നമ്മുടെ സ്കൂളിലെ ബാന്റ്സെറ്റ് അവതരിപ്പിക്കുകയും വൊക്കേഷണൽ ട്രെയ്നിംഗ് സെന്ററിന്റെ ഭാഗമായി ഒരു stall നടത്തുകയും ചെയ്തു.

## സ്കൂൾ വിസിറ്റേഴ്സ്

കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ ഒട്ടനേകം നല്ല വ്യക്തികളുടെ സന്ദർശനം ഈ സ്ഥാപനത്തിന് ജീവനേകുന്നവയായിരുന്നു. കെ.ഇ. കോളേജ് മാന്നാനം, ബി.സി.എം. കോളേജ് കോട്ടയം, സെന്റ് ജോസഫ് കോളേജ് മൂലമറ്റം തുടങ്ങയ സ്ഥാപനങ്ങളിലെ MSW Students നമ്മുടെ സ്ഥാപനത്തിൽ വരുകയും അവരുടെ ട്രെയ്നിംഗിന്റെ ഭാഗമായി നമ്മുടെ കുട്ടികളോടൊപ്പം ഒരുമാസത്തോളം ചില വഴിക്കുകയും ചെയ്തു. സെന്റ് ജോൺസ് കോളേജ് ഓഫ് നഴ്സിംഗ് (കട്ടപ്പന), ലിറ്റിൽഫ്ളവർ കോളേജ് ഓഫ് നഴ്സിംഗ് (അങ്കമാലി), മാർ സ്ലീവാ കോളേജ് ഓഫ് നഴ്സിംഗ് (ചേർപ്പുങ്കൽ) എന്നീ കോളേജുകളിലെ ബി.എസ്സ്.സി നേഴ്സിംഗ് സ്റ്റുഡന്റ്സ് വിവിധ ഗ്രൂപ്പുകളായി ഓരോ ആഴ്ചക്കാലം നമ്മുടെ കുട്ടികളോടൊപ്പം താമസിച്ച് അവർക്കായി സേവനം ചെയ്യുകയും അവരിലെ കലാ-കായിക കഴിവുകളെ വളർത്തുന്നതിൽ സഹായിക്കുകയും ചെയ്തു. കൂടാതെ കാരിത്താസ് കോളേജ് ഓഫ് നഴ്സിംഗ് (കോട്ടയം), തിയോഫിലസ് കോളേജ് ഓഫ് നഴ്സിംഗ് (കങ്ങഴ), സെന്റ് ഗ്രിഗോറിയോസ് കോളേജ് ഓഫ് നഴ്സിംഗ് (പരുമല), എം.ജി. യൂണിവേഴ്സിറ്റിയിലെ എം.ഫിൽ ഡിപ്പാർട്ട്മെന്റ്, സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിംഗ് (ചങ്ങനാശ്ശേരി), നിർമ്മല സദൻ ഡി.സി.എം.ആർ (മൂവാറ്റുപുഴ), മാനോവികാസിലെ ഡി.സി.എം.ആർ (കൊല്ലം) എന്നീ സ്ഥാപനങ്ങളിലെ കുട്ടികൾ നമ്മുടെ സ്ഥാപനം സന്ദർശിച്ചു.

ബുദ്ധിമാന്ദ്യവും അതിനോടനുബന്ധിച്ച് മറ്റ് ശാരീരിക വൈകല്യങ്ങളും ഏറെയുള്ള കുട്ടികളെ കാലോചിതമായ പരിവർത്തനങ്ങളിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പരിശീലനപ്രവർത്തനങ്ങളാണ് ഈ സ്ഥാപനത്തിൽ നടക്കുന്നത്. വർഷാവർഷങ്ങളിൽ സ്കൂളിനുവേണ്ടി ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ സമയാസമയങ്ങളിൽ പിൻതള്ളപ്പെടുന്നു എന്നതല്ലാതെ ഇന്നുവരെ ഒരു സാമ്പത്തിക നേട്ടവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ലഭിക്കുന്നില്ലാ എന്നതും വിഷമകരമായ ഒരു സത്യമാണ്. എന്നാൽ എന്തു ത്യാഗവും സഹിച്ച് രാപകൽ കഷ്ടപ്പെടുന്ന ഇവിടുത്തെ സഹപ്രവർത്തകരുടെ സഹകരണവും എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാനേജ്മെന്റിന്റെ പ്രവർത്തനവും എല്ലാ മാതാപിതാക്കളുടെയും നല്ല വ്യക്തികളുടെയും പിന്തുണയുമാണ് ഈ സ്കൂളിന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനു പിന്നിലുള്ളത്.

നമ്മുടെ സ്കൂളിന്റെ എല്ലാ അദ്ധ്യയനവർഷങ്ങളിലും വിവിധ തുറകളിലുള്ള വിദേശികൾ ഉൾപ്പെട്ട ഒട്ടനേകം നല്ലവരായ ആളുകൾ നമ്മുടെ കുട്ടികളുടെ പരിശീലന പദ്ധതിയിൽ പ്രതിഫലം ഇച്ഛിക്കാതെ പ്രവർത്തിക്കുന്നുണ്ട്. കോട്ടയം വടവാതൂർ സെമിനാരിയിലെ അച്ചൻമാരും വൈദികവിദ്യാർത്ഥികളും Redemptorist സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളും നമ്മുടെ കുട്ടികളുടെ ആത്മീയവും ധാർമ്മികവുമായ കാര്യങ്ങളിലും മറ്റ് പരിശീലനപരിപാടികളിലും ഭാഗഭാക്കുകളാകുന്നു. നാളിതുവരെ ഈ സംരംഭത്തിന്റെ ഉന്നമനത്തിനും വളർച്ചയ്ക്കുമായി സഹായിച്ച എല്ലാ അഭ്യുദയകാംക്ഷികളെയും നന്ദിയോടെ സ്മരിച്ചുകൊണ്ട്, വിജയത്തിന്റെ പാതയിലേയ്ക്ക് നമ്മുടെ സ്ഥാപനത്തെ കൈപിടിച്ചുനടത്തുന്ന എല്ലാവരെയും അഭിനന്ദിച്ചുകൊണ്ട് 2007-2008 അദ്ധ്യയനവർഷത്തെ പ്രവർത്തനറിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു.

**സി. ലിറ്റി സേവ്യർ**
**പ്രിൻസിപ്പാൾ**



# കാരുണ്യോത്സവം

“നാം ഒരു കുടുംബം” എന്ന ആപ്തവാക്യം പ്രാവർത്തികമാക്കികൊണ്ട് കരുണയുടെ പൂക്കാലം വിരിയിച്ച് ബുദ്ധി വൈകല്യം ബാധിച്ച കൂട്ടുകാരുടെ വ്യത്യസ്തതകളിലേയ്ക്ക് D.C.L. വിരുന്നുവന്നു.

ബുദ്ധിവികാസം പ്രാപിക്കാത്ത 600 ലധികം കുട്ടികളുടെ വ്യത്യസ്തമായ കഴിവുകളിലേയ്ക്കാണ് മനസ്സും കൈകളും നിറയെ സമ്മാനങ്ങളുമായി ദീപിക ബാലസഖ്യം എത്തിയത്. ബുദ്ധിമാന്ദ്യം സംഭവിച്ച കുഞ്ഞുമക്കളുടെ സാമൂഹ്യവത്കരണം സാധ്യമാക്കുന്നതിന് ദീപിക സംസ്ഥാന തലത്തിൽ നടത്തിയ സ്പെഷ്യൽ സ്കൂൾ ഫെസ്റ്റ് ദീപിക ബാലസഖ്യത്തിന്റെ നിസ്വാർത്ഥമായ സാമൂഹിക പ്രതിബദ്ധതയുടെ ഉത്തമോദാഹരണമായി.

സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിൽ നടത്തപ്പെട്ട ദീപിക ബാലസഖ്യം സ്പെഷ്യൽ സ്കൂൾ ഫെസ്റ്റിൽ കേരളത്തിലെ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ നിന്നുമെത്തിയ 600 ഓളം കുട്ടികളും അദ്ധ്യാപകരും പങ്കെടുത്തു. മാർച്ച് 8 രാവിലെ 10-ന് ആരംഭിച്ച പൊതുസമ്മേളനത്തിൽ കേരളത്തിന്റെ പൊതുമരാമത്തു വകുപ്പു മന്ത്രി ശ്രീ. മോൻസ് ജോസഫ് ഫെസ്റ്റ് ഉത്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തോമസ് കുന്നപ്പള്ളി അദ്ധ്യക്ഷത വഹിക്കുകയും, കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ട് മാത്യു പോളികാർപ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ദീപികയുടെ മാനേജിംങ്ങ് ഡയറക്ടർ സുനിൽ ജോസഫ് കൂഴമ്പാല, സി. ബിജി ജോസ്, ബ്രദർ ജോർജ്ജ് കിഴക്കേക്കര എന്നിവർ ആശംസകളും അർപ്പിച്ചു.

അഞ്ചുവേദികളിലായി നടത്തപ്പെട്ട മത്സരങ്ങളിൽ സംഗീതം, ഡാൻസ്, കൈയ്യെഴുത്ത്, ഫാൻസിഡ്രസ്, പ്രസംഗം എന്നിവ ഉൾപ്പെട്ടിരുന്നു. കലാമത്സരവേദികളിൽ പതിവായി കാണുന്ന മത്സരബുദ്ധിയോ ആരവങ്ങളോ ഇല്ലാതെ പരസ്പരം പ്രോത്സാഹിപ്പിച്ചും സഹായിച്ചും കുട്ടികൾ നടത്തിയ കലാവിരുന്ന് നിഷ്കളങ്കതയുടെയും, ലാളിത്യത്തിന്റെയും ഉത്തമോദാഹരണങ്ങളായി.

വൈകുന്നേരം അഞ്ചുമണിക്കു നടന്ന സമാപനസമ്മേളനത്തിൽ പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യ അതിഥിയായി എത്തി വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. കോട്ടയം ജില്ലാകളക്ടർ ഷാർമിള മേരി ജോസഫ് അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ കൊച്ചേട്ടൻ റോയി കണ്ണൻചിറ സി.എം.ഐ., സെന്റ് ജോൺ ഓഫ് ഗോഡ് സെന്റർ ഡയറക്ടർ ബ്രദർ ജോർജ്ജ് കിഴക്കേക്കര, ഡി.സി.എൽ. കോർഡിനേറ്റർമാരായ പി.ടി. തോമസ്, എസ്സ്. അബ്ദുൾ ഖാദർ കുഞ്ഞ്, സംസ്ഥാന ജനറൽ സെക്രട്ടറി ടോണി സി. തോമസ് എന്നിവർ ആശംസകളർപ്പിച്ചു. ഡി.സി.എൽ. ഫെസ്റ്റിന്റെ ഓവർ ഓൾ ചാമ്പ്യൻഷിപ്പ് ദീപ്തി DCMR തീക്കോയി കരസ്ഥമാക്കി.

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിപ്പെടാൻ പറ്റാത്ത ഈ കുരുന്നുകളുടെ ഇല്ലായ്മകളിലേയ്ക്കും വ്യത്യസ്ഥതകളിലേയ്ക്കും, പ്രോത്സാഹനവും കാരുണ്യവുമായി കടന്നു വന്ന ദീപക ബാലസഖ്യത്തിന്റെയും അതിനെ നയിക്കുന്ന ദീപിക ദിനപത്രത്തിന്റെയും സാമൂഹിക പ്രതിബദ്ധത കേരളത്തിലെ മറ്റു മാധ്യമങ്ങൾക്കും മാതൃകയാവേണ്ടതാണ്. വേദനിക്കുന്നവനോടൊപ്പം സഹനങ്ങളിൽ പങ്കുചേരുന്നതിനും കരയുന്നവന്റെ കണ്ണീരൊപ്പുന്നതിനും ഇടറിവീഴുന്നവന് കൈത്താങ്ങാകുന്നതിനും മുന്നിട്ടിറങ്ങിയ ഡി.സി.എൽ. അംഗങ്ങളെയും കൊച്ചേട്ടൻ റോയി കണ്ണൻചിറയേയും എത്ര പ്രശംസിച്ചാലും മതിവരില്ല. ഒരുമയുടെയും കൂട്ടായ്മയുടെയും കാരുണ്യോത്സവങ്ങൾ തുടർന്നും അനേകം കുരുന്നുകളുടെ പുത്തൻ സ്വപ്നങ്ങൾക്ക് അകമ്പടിയാകട്ടെ. ●



ബ്രദർ അഗസ്റ്റിൻ പോളപ്രയിൽ

# അനുഭവകുറിപ്പുകളിലൂടെ...

1998 വെള്ളൂരിൽ സ്കൂൾ ആരംഭിക്കുമ്പോഴുണ്ടായിരുന്ന അഞ്ചുകുട്ടികളിൽ ഒരാളാണ് ജോബി. ഇന്ന് ബുദ്ധിമാന്ദ്യമുള്ള വ്യക്തികളുടെ പുനരധിവാസ മേഖലയിൽ മാതൃകയായി മാറിയ സെന്റ് ജോൺ ഓഫ് ഗോഡ് സ്കൂളിനും അനുബന്ധ പ്രവർത്തനങ്ങൾക്കും എന്നിൽ ഊർജ്ജം പകർന്നത് ജോബി അടങ്ങുന്ന അനാഥരായ അഞ്ചുവ്യക്തികളിൽ കണ്ട സ്വപ്നങ്ങളും അവയുടെ തുടർച്ചയുമാണ്. ബുദ്ധിവൈകല്യ മുള്ളവർക്ക് ഒരു സെന്റർ വേണം എന്ന ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സഭയുടെ തീരുമാനമനു സരിച്ചാണ് 1998 ഏപ്രിൽ 28-ാം തീയതി ജോബിയെ പൂനമല്ലിയിലെ വൃദ്ധമന്ദിരത്തിൽ നിന്നും വെള്ളൂരിലേയ്ക്ക് കൊണ്ടുവന്നത്.

ജോബിയുടെ യഥാർത്ഥപേര് ജനാർദ്ദനൻ എന്നാണ്. എന്നാൽ ഉച്ചരിക്കാൻ എളുപ്പമുള്ള ഒരു പേര് ആവശ്യമാ യതിനാലാണ് ജോബി എന്ന പേരു നല്കിയത്. ജോബിയുടെ കൃത്യമായ പ്രായമോ, ജനനതീയതിയോ ഒന്നും ലഭിച്ചിട്ടില്ല. അതുകൊണ്ട് ആവശ്യമായതെല്ലാം ബ്രദേഴ്സിന്റെ നേതൃത്വത്തിൽ സജ്ജീകരിക്കപ്പെട്ടു.

ഏറെനാളത്തെ ജോബിയോടൊത്തുള്ള അനുഭവങ്ങളും വിദേശത്തെ എന്റെ പഠനത്തിന്റെ വെളിച്ചത്തിലും സെറിബ്രൽപഴ്സിയാണ് വൈകല്യത്തിന്റെ കാരണമെന്ന് കണ്ടെത്തി. കൂടാതെ ഇതോടനുബന്ധിച്ച് സ്വഭാവ വൈകല്യങ്ങളും അവനിൽ കണ്ടെത്തി. ജോബിക്ക് സെറിബ്രൽപഴ്സി ആയതിനാൽ ചലനാപരമായ വളർച്ച യിലും പ്രവർത്തനങ്ങളിലും കാര്യക്ഷമത കുറവുള്ളതായി കാണപ്പെട്ടു. വേഗതയിൽ ഓടാനും സാധിക്കുമായിരുന്നില്ല. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി പ്രത്യേകമാംവിധം ക്രമീകരിച്ചിരിക്കുന്ന സ്പെഷ്യൽ ഒളിമ്പിക്സിൽ ജോബി താഴ്ന്ന കുറവുകളുള്ള ഗ്രൂപ്പ് (low ability group) ലാണ് ഉൾപ്പെട്ടിരുന്നത്. അതോടൊപ്പം ആശയവിനിമയത്തിനുള്ള കഴിവുകളും വളരെ കുറവായതിനാൽ ആഗ്രഹങ്ങളും ഇച്ഛകളും പ്രകടിപ്പിക്കുവാൻ അവന് സാധിക്കുമായിരുന്നില്ല.

സ്നേഹമൂറുന്ന പുഞ്ചിരിയിലാണ് ജോബിയുടെ മുഖം എപ്പോഴും കാണപ്പെടുക. പാട്ട്, ഡാൻസ്, റ്റി.വി. പരി പാടികൾ, ഉല്ലാസ പരിപാടികൾ എന്നിങ്ങനെ വിവിധങ്ങളായ പരിപാടികളിൽ ഏർപ്പെടുന്നതിൽ തല്പരനാണ് ജോബി.

വെള്ളൂരിൽ ഞാൻ പ്രവർത്തനമാരംഭിച്ചപ്പോൾ ആദ്യ മായി ഉണ്ടായിരുന്ന അഞ്ചുകുട്ടികളും വളരെ വിലപ്പെട്ടവരും പ്രധാനപ്പെട്ടവരുമായിരുന്നു എന്നതിൽ എനിക്ക് ഉറപ്പുണ്ട്. ഈ അഞ്ചുകുട്ടികളും തീവ്രമായ ബുദ്ധിമാന്ദ്യമുള്ളവരായി കാണപ്പെടുന്നു എങ്കിലും അവർ നമ്മുടെ സ്വന്തം കുട്ടികളാണ്.

ബുദ്ധിമാന്ദ്യമുള്ള ഈ കുട്ടികളുടെ പരിചരണത്തിനായി സാമ്പത്തികമായി ഗവൺമെന്റിൽ നിന്നും ഇതുവരേയും യാതൊരു പരിഗണനയും കിട്ടിയില്ല എന്നത് വളരെ ഖേദകരമായ ഒരു കാര്യമാണ്. അവരുടേതായ അവകാശ ങ്ങളും കിട്ടേണ്ടതായ നേട്ടങ്ങളും ആനുകൂല്യങ്ങളും ഇന്നും അന്യമായിരിക്കുന്നു. 1995-ലെ Disability Actഉം ഇന്ത്യൻ ഭരണഘടനാ നിയമങ്ങളും അനുസരിച്ച് നിയമപരമായി കിട്ടേണ്ടതായ അവകാശങ്ങൾ ഇപ്പോഴും ഇവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. തെരുവിലൂടെ അലഞ്ഞുതിരിഞ്ഞി രുന്ന ഈ കുട്ടികളെ സംരക്ഷിക്കുന്നതിനായി തയ്യാറായതി നാൽ മരണം വരെയും ഇവർക്കു സംരക്ഷണം നല്കേണ്ടതും ജോൺ ഓഫ് ഗോഡ് സെന്ററിന്റെ ചുമതലയായി കാണുന്നു.



# ജീവിതാനുഭവങ്ങളിലൂടെ...



ഷാജി എ.എസ്.

കരുണാമയനാം കർത്താവിന്റെ മുന്നിൽ കരഞ്ഞപേക്ഷിച്ചാൽ അവിടുന്ന് നമ്മെ താങ്ങുമെന്നതിന് തർക്കമില്ല.

ഞങ്ങളുടെ ഏകമകൻ ബുദ്ധിമാന്ദ്യത്തിന്റെ പിടിയിലാണെന്ന് തിരിച്ചറിഞ്ഞ നാളുകളിൽ ഞങ്ങൾ അനുഭവിച്ച നൊമ്പരത്തിന്റെ കനലുകൾ ഇനിയും മനസ്സിൽനിന്ന് കെട്ടടങ്ങിയിട്ടില്ലെങ്കിലും ദൈവപരിപാലനയുടെ ശക്തി ഞങ്ങൾ ഇതിനകം തിരിച്ചറിഞ്ഞു.

ഞങ്ങൾക്ക് 3 മക്കളാണുള്ളത് - ഡെല്ല, ഡോൺ, ഡോണ. ഇതിൽ ഡോണിനെയാണ് പ്രത്യേക പരിചരണം നല്കി സംരക്ഷിക്കാൻ കർത്താവ് ഞങ്ങളെ ഭരമേല്പിച്ചത്.

1994 ഏപ്രിൽ 19-നാണ് ഡോൺ ജനിച്ചത്. ഞങ്ങളുടെ കുടുംബത്തിൽ ഏറെ സന്തോഷം അലതല്ലിയ നാളുകളായിരുന്നു പിന്നീട്. എന്നാൽ ഈ സന്തോഷം 2 വർഷക്കാലം നീണ്ടുനിന്നില്ല.

സംസാരിക്കാൻ എന്തോ തടസ്സം ഡോണിനുള്ളതായി ഞങ്ങൾ തിരിച്ചറിഞ്ഞു. തുടർന്ന് വിദഗ്ധ ഡോക്ടർമാരെ തേടി ഞങ്ങൾ വിവിധ ആശുപത്രികൾ കയറിയിറങ്ങി. എല്ലായിടത്തും ഒരേ മറുപടി: 'കുട്ടിക്ക് കുഴപ്പങ്ങളൊന്നുമില്ല; എല്ലാം ശരിയായിക്കൊള്ളും.'

വർഷം ഒന്നുകൂടി പിന്നിട്ടു. അവനിൽ യാതൊരു മാറ്റവുമുണ്ടായില്ല. ഇതിനിടെ എന്റെ അടുത്ത പരിചയക്കാരനായ ഒരു ഡോക്ടറുടെ നിർദ്ദേശപ്രകാരം അവന്റെ കേഴ്‌വി പരിശോധിക്കാൻ തീരുമാനിച്ചു. ഡോക്ടർ നൽകിയ കത്തുമായി മൈസൂർ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിയറിംഗ് ആന്റ് സ്പീച്ച് എന്ന സ്ഥാപനത്തിൽ എത്തി. വിശദമായ പരിശോധനയിൽ കേഴ്‌വിക്ക് തകരാറില്ലെന്ന് ബോധ്യമായി.

ഇനി എന്ത് എന്നറിയാതെ വിഷമിച്ച നാളുകളായിരുന്നു പിന്നീട്. എറണാകുളത്തുള്ള പ്രമുഖ ആശുപത്രികളിലെല്ലാം തന്നെ ചികിത്സതേടി. ഇതിനിടെ ബാംഗ്ലൂരിലുള്ള നിംഹാൻസിൽ (NIMHANS) വിദഗ്ധ പരിശോധനയ്ക്ക് സാധ്യതയുണ്ടെന്ന് മനസ്സിലാക്കി ബാംഗ്ലൂരിലേയ്ക്ക് തിരിച്ചു. 2 മാസക്കാലം ബാംഗ്ലൂർ വാസം. ഒടുവിൽ അവന്റെ വൈകല്യം സ്ഥിരീകരിക്കപ്പെട്ടു. പരിശീലനമല്ലാതെ ചികിത്സചെയ്യാനില്ലെന്ന് തിരിച്ചറിഞ്ഞതോടെ ദുഃഖം ഇരട്ടിയായി.

തുടർന്നുള്ള ദിവസങ്ങൾ ജീവിതത്തിലെ കയ്പേറിയ കാലഘട്ടമായിരുന്നു. മകന്റെ ചികിത്സയ്ക്കായി അൺ എയ്ഡഡ് സ്കൂളിൽ അദ്ധ്യാപികയായ ഭാര്യ അവധിയെടുത്തും ഞാൻ ജോലി ഉപേക്ഷിച്ചുമാണ് ഇറങ്ങിത്തിരിച്ചത്. അമിതമായ ചികിത്സാച്ചെലവ് ഞങ്ങളുടെ കുടുംബബജറ്റ് തകർത്തു. ഭക്ഷണസാധനങ്ങൾ പോലും വാങ്ങാൻ വിഷമിച്ച ദിനങ്ങൾ.

എല്ലാ പ്രതിസന്ധികളിലും പട്ടുമലമാതാവിന്റെ മുന്നിലായിരുന്നു അഭയം. എല്ലാ ബുധനാഴ്ചകളിലും ശനിയാഴ്ചകളിലും മുടങ്ങാതെ പട്ടുമലയിൽ എത്തി മാതാവിന്റെ മുന്നിൽ കരഞ്ഞപേക്ഷിച്ചതിന്റെ ഫലമായി പ്രതിസന്ധികളെ തരണം ചെയ്യാൻ ഞങ്ങൾക്ക് ശക്തി ലഭിച്ചു.

പരിശീലനത്തിനായി ഡോണിനെ സ്പെഷ്യൽ സ്കൂളിൽ ചേർക്കാനായി തീരുമാനിച്ചു. ഞങ്ങളുടെ

നാട്ടിൽ ഇത്തരത്തിലുള്ള സ്ഥാപനമില്ലാത്തതിനാൽ ബോർഡിംഗ് സൗകര്യമുള്ള സ്ഥാപനമായിരുന്നു ലക്ഷ്യം. ഇത്തരത്തിൽ ഒരു സ്ഥാപനത്തിൽ ഞങ്ങൾ ഡോണിനെ ചേർത്തെങ്കിലും ഹൈപ്പർ ആക്ടീവ് കുട്ടിയെ നോക്കാൻ ബുദ്ധിമുട്ടാണെന്നപേരിൽ അവർ കുട്ടിയെ തിരിച്ചയച്ചു. മറ്റു പല സ്കൂളുകളിലും ഇതായിരുന്നു അനുഭവം.

ഇതിനിടെയാണ് വെള്ളൂരിൽ സെന്റ് ജോൺ ഓഫ് ഗോഡ് സെന്റർ പ്രവർത്തിച്ചുതുടങ്ങിയത്. ചങ്ങനാശ്ശേരിയിലുള്ള ഒരു സിസ്റ്ററിന്റെ ഉപദേശപ്രകാരം ഞാൻ ബ്രദർ അഗസ്റ്റിനെ സമീപിച്ചു.

പരിമിതമായ സൗകര്യങ്ങളാണ് അന്ന് അവിടെയുണ്ടായിരുന്നത്. സ്ഥാപനത്തിന് ഉൾക്കൊള്ളാവുന്നതിലധികം കുട്ടികൾ അവിടെയുണ്ടായിരുന്നെങ്കിലും ഞങ്ങളുടെ മാനസികാവസ്ഥ തിരിച്ചറിഞ്ഞ ബ്രദർ അഗസ്റ്റിൻ യാതൊരു മടിയുമില്ലാതെ ഞങ്ങളുടെ കുട്ടിയെ സ്വീകരിച്ചു.

വർഷങ്ങൾക്ക് ശേഷം തിരിഞ്ഞുനോക്കുമ്പോൾ ഞങ്ങളുടെ കുടുംബത്തിൽ പ്രത്യാശ പകർന്ന ദൈവദൂതനായാണ് ബ്രദർ അഗസ്റ്റിനെ ഞങ്ങൾക്ക് കാണാനാവുക.

എന്നെപ്പോലെ പതിനായിരങ്ങൾക്ക് പ്രത്യാശ പകരുന്ന ജോൺ ഓഫ് ഗോഡ് സഹോദരന്മാരുടെ പ്രവർത്തനങ്ങൾക്ക് ജഗദീശ്വരന്റെ കൃപാകടാക്ഷത്തിനായി പ്രാർത്ഥിക്കുന്നു.

സമൂഹം തിരസ്കരിച്ച ഞങ്ങളുടെ കുട്ടികളെ പൊന്നുപോലെ സംരക്ഷിക്കുന്ന സ്കൂൾ ഡയറക്ടർ ബ്രദർ ജോർജ്ജ് കിഴക്കേക്കര, പ്രിൻസിപ്പൽ സിസ്റ്റർ ലിറ്റി സേവ്യർ, അദ്ധ്യാപകർ അനദ്ധ്യാപകർ എന്നിവർക്ക് കൂടുതൽ ഈശ്വരാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു കൂടുതൽ നന്മകൾ നേരുന്നു.


**കരുണാമയനാം കർത്താവിന്റെ മുന്നിൽ കരഞ്ഞപേക്ഷിച്ചാൽ അവിടുന്ന് നമ്മെ താങ്ങുമെന്നതിന് തർക്കമില്ല.**



## കൂ കൂ കൂ കൂ തീവണ്ടി...... കൂകിപ്പായും തീവണ്ടി.......

പുകതള്ളി ഒച്ചവെച്ച് കൂകിപ്പായുന്ന തീവണ്ടി വിസ്മയക്കാഴ്ചകളൊരുക്കി ജോൺ ഓഫ് ഗോഡിലെ കുട്ടികൾക്ക്. സ്കൂളിന്റെ 2007-2008 അദ്ധ്യയനവർഷത്തിലെ വാർഷിക വിനോദയാത്ര ട്രെയിൻ യാത്രയുടെ പുത്തൻ അനുഭവങ്ങളിലേയ്ക്കാണ് മിഴിതുറന്നത്. കോട്ടയത്തുനിന്നും കൊല്ലത്തേയ്ക്കും, കോട്ടയത്തുനിന്നും കായംകുളത്തേയ്ക്കും രണ്ടു തവണകളായി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടാണ് വിനോദയാത്ര തയ്യാറാക്കിയത്. വിനോദയാത്രയ്ക്കു പുറമേ, പൊതുജനങ്ങളുടെ വൈകല്യമുള്ളവരോടുള്ള മനോഭാവത്തിലുള്ള ചില തിരുത്തലുകൾക്കും വഴിവച്ചു ഈ വിനോദയാത്ര.







# മെന്നി ഹോം

# Menni Home



**ബ്രദർ ജോണി പുല്ലാന്തിത്തുണ്ടത്തിൽ**

ബുദ്ധിമാന്ദ്യമുള്ളവരുടെ പരിശീലനപ്രവർത്തന മേഖലയിലെ അവസാനവാക്കാണ് സ്വയംപര്യാപ്തതയും, തൊഴിൽ അധിഷ്ഠിത പുനരധിവാസവും. വൈകല്യങ്ങൾക്കനുസൃതമായി പ്രത്യേകമായി തയ്യാറാക്കുന്ന വ്യക്ത്യാധിഷ്ഠിത പരിശീലനപദ്ധതിയിലൂടെയാണ് സ്വയം പര്യാപ്തതയിലേയ്ക്ക് ബുദ്ധിപരമായ വൈകല്യമുള്ള വ്യക്തികളെ നയിക്കുന്നത്. സ്വയംപര്യാപ്തത, തൊഴിലധിഷ്ഠിത പുനരധിവാസം എന്നീ ലക്ഷ്യങ്ങളോട് ഏറ്റവും അടുത്തു പ്രവർത്തിക്കുന്ന സെന്റ് ജോൺ ഓഫ് ഗോഡ് സെന്ററിലെ ഒരു ഹോമാണ് മെന്നി ഹോം. സെന്ററിലെ വിവിധ ഹോമുകളിൽ നിന്നും പരിശീലനം ലഭിച്ച് സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിയ കുട്ടികളെയാണ് മെന്നിഹോമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബനഡിക്ട് മെന്നി എന്ന വിശുദ്ധന്റെ നാമത്തിൽ നിലകൊള്ളുന്ന ഈ വീട് 2004 മെയ് 5 –നാണ് ആരംഭിച്ചത്. 17 വയസ്സിനു മുകളിൽ പ്രായമുള്ള പന്ത്രണ്ടോളം ആൺകുട്ടികൾ മെന്നി ഹോമിൽ താമസിച്ച് പരിശീലനം നേടുന്നു.

സ്ഥാപനത്തിലെ ദൈനംദിന പ്രവർത്തനങ്ങളിൽ മുഖ്യ പങ്കാളികളാണ് മെന്നിഹോമിലെ കുട്ടികൾ. അവരവരുടെ കഴിവുകളനുസരിച്ച് കന്നുകാലി പരിപാലനം, ആടുവളർത്തൽ, തൊഴിൽ പരിശീലനകേന്ദ്രം, കാന്റീൻ എന്നി മേഖലകളിൽ നിറഞ്ഞുനിന്നു പ്രവർത്തിക്കുന്നു. കൂടാതെ സ്ഥാപനത്തിലെ കളിക്കളം നിറയുന്ന വൈകുന്നേരങ്ങൾ, കൊച്ചുകുട്ടികളുടെ പരിപാലനം, സ്കൂൾ ബാന്റ്സെറ്റ്, പൂന്തോട്ടനിർമ്മാണം തുടങ്ങിയ വിവിധങ്ങളായ മേഖലകളിലും മെന്നി ഹോമിലെ കുട്ടികളുടെ പ്രവർത്തനങ്ങൾ ഒഴിച്ചുകൂടാനാവാത്തവയാണ്. സേവനത്തിന്റെയും കൂട്ടായ്മയുടെയും സ്വയംപര്യാപ്തതയുടെയുമൊക്കെ പുതിയ സമവാക്യങ്ങളാവുകയാണ് മെന്നിഹോം. ഇൻചാർജ് ബ്രദർ ജോണിയുടെ നേതൃത്വത്തിൽ സ്കൂളിലെ അദ്ധ്യാപകൻ കൂടിയായ രാജേഷും കുട്ടികൾക്ക് പ്രോത്സാഹനവും താങ്ങുമേകുന്നു.





# സൗഖ്യദായകന്റെ പിന്നാലേ...



ഫാ. ഫ്രാൻസീസ് മണ്ണാപറമ്പിൽ

മനുഷ്യജീവിതം വ്യത്യസ്തമായ വഴിത്തിരിവുകളിലൂടെ കടന്നുപോകുന്നു. ഇവയുടെ അർത്ഥലക്ഷ്യങ്ങളറിയാതെ പലപ്പോഴും ഇരുളിൽ തപ്പിത്തടയുന്നു. പിന്നിട്ട വഴികളിലേയ്ക്കു തിരിഞ്ഞു നോക്കുമ്പോഴാണ് പലതിന്റെയും വില നാം മനസ്സിലാക്കുന്നത്. ജോൺ സ്വീഡാഡിന്റെ ജീവിതം ഇതിൽ നിന്നു വ്യത്യസ്തമായിരുന്നില്ല.

എട്ടാമത്തെ വയസ്സിൽ നിഗൂഢമായ ഒരു ശക്തിയാൽ പ്രേരിതനായി ജോൺ വീടുവിട്ടിറങ്ങി. നീണ്ട 28 വർഷങ്ങൾ ആട്ടിടയന്റെ ജോലി. മൂന്നു വർഷക്കാലം പട്ടാളക്കാരന്റെ വേഷം. ലോകത്തിന്റെ ഒഴുക്കിനൊത്ത് ജോൺ ഇത്രയും കാലം നീങ്ങുകയായിരുന്നു. മറ്റു പലതുമായിരുന്നു ഇത്രയും നാൾ അദ്ദേഹത്തെ നിയന്ത്രിച്ചിരുന്നത്. ഇനി അങ്ങനെ ആയിരിക്കരുത് എന്ന് ജോൺ ഉറപ്പിച്ചു. തന്റെ ജീവിതത്തിനൊരു ലക്ഷ്യമുണ്ടെന്ന് ജോണിനു മനസ്സിലായി. ഇത്രയും കാലം ദൈവത്തെ അറിയാതെ ദൈവത്തെ മറന്നു ജീവിച്ചു. ഇനിയുള്ള കാലം ദൈവത്തിനുവേണ്ടി ജീവിക്കുവാൻ ജോൺ മനസ്സിലുറപ്പിച്ചു. പക്ഷേ എങ്ങനെ?

ഒറോപ്പേസായിലേക്കിനിയില്ല! ജനിച്ച നാടും വളർന്ന വീടും വിട്ട് വളരെ അകലെ പോയി ചെയ്ത തെറ്റുകൾക്കു പ്രായ്ശ്ചിത്തം ചെയ്തു ജീവിക്കണം. പക്ഷേ എന്തെങ്കിലും ചെയ്യണമെങ്കിൽ, എവിടെയെങ്കിലും പോകണമെങ്കിൽ സമ്പാദ്യം ആവശ്യമല്ലേ? അമ്മാവന്റെ ആശീർവ്വാദത്തോടും അനുഗ്രഹത്തോടുംകൂടി, 2500 കി.മി. അകലെയുള്ള അൻഡലൂസ്യായിലെ സെവിലിയിലേയ്ക്ക് ജോൺ യാത്ര തിരിച്ചു.

ജോണിനു സുപരിചിതമായ ജോലി ആടുമേയ്ക്കലായിരുന്നു. സെവിലിയിലുള്ള ഡോണ ലെനോർഡി സുനിഗ എന്ന കുലീന മഹതിയുടെ കീഴിൽ ആടുകളെ മേയ്ക്കുന്ന ജോലി ജോൺ ഏറ്റെടുത്തു. അദ്ദേഹത്തിന് ഏറ്റവും ഇഷ്ടമുള്ള ജോലിയായിരുന്നു ഇത്. പ്രാർത്ഥിക്കുന്നതിനും ചിന്തിക്കുന്നതിനും ധാരാളം സമയം ജോലിക്കിടയിൽ കിട്ടിയിരുന്നിരിക്കണം.

ഒരിക്കൽ ആടുകളെ മേയിക്കുന്നതിനിടയിൽ ഉള്ളിന്റെ ഉള്ളിൽ ഒരു സ്വരം ജോൺ ശ്രവിച്ചു. “ജോൺ, തടിച്ചുകൊഴുത്ത ഈ മൃഗങ്ങളെ തീറ്റിപ്പോറ്റുന്നതിനേക്കാൾ എത്ര മഹനീയമാണ് ദൈവത്തിന്റെ പാവങ്ങളെ ശുശ്രൂഷിക്കുന്നതും സംരക്ഷിക്കുന്നതും?” ദൈവത്തിന്റെ വിളി ജോൺ സാവകാശം മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു! ഈ സുന്ദര സ്വപ്നം മനസ്സിൽ സൂക്ഷിച്ചുകൊണ്ട്, ജോൺ ഇപ്രകാരം പ്രാർത്ഥിച്ചു: “ദൈവമേ അങ്ങയുടെ പദ്ധതിയുടെ പൂർത്തീകരണത്തിലേയ്ക്ക് എന്നെ നയിച്ചാലും!”

ഈ ചിന്തകൾ ജോണിനെ കൂടുതൽ അസ്വസ്ഥനാക്കി. ആട്ടിടയന്റെ ജോലി സംതൃപ്തി നല്കില്ലെന്ന് ജോൺ മനസ്സിലാക്കി. ആഫ്രിക്കയിലേയ്ക്ക് ഒരു മിഷനറിയായി പോയാലോ എന്ന് ജോൺ ചിന്തിച്ചു! ഉള്ളിൽ തട്ടുന്ന കാര്യങ്ങൾ ഉടൻ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്ന പ്രകൃതക്കാരനായിരുന്നു ജോൺ. പിന്നെ ഒട്ടും വൈകിയില്ല, ആഫ്രിക്കയിലേയ്ക്കു കപ്പൽ കയറുവാൻ ജിബ്രാൾട്ടറിലേക്ക് അദ്ദേഹം യാത്ര തിരിച്ചു.

യാത്രച്ചെലവ് എങ്ങനെ സംഘടിപ്പിക്കും എന്നു ചിന്തിച്ച് വിഷണ്ണനായി ജിബ്രാൾട്ടറിൽ നിൽക്കുമ്പോഴാണ് കരളലിയിക്കുന്ന ഒരു രംഗം ജോണിന്റെ ദൃഷ്ടിയിൽപ്പെട്ടത്. നാലു പെൺമക്കളും അപ്പനും അമ്മയുമടങ്ങുന്ന ഒരു പ്രഭുകുടുംബം തങ്ങളുടെ ഉറ്റവരോടു വിടപറയുന്ന രംഗമാണത്. പോർച്ചുഗൽ രാജാവിന്റെ അപ്രീതിക്കു പാത്രമായി, തങ്ങളുടെ സ്വത്തെല്ലാം കണ്ടുകെട്ടി ആഫ്രിക്കയിലെ സീയൂട്ടാ കോളനിയിലേയ്ക്ക് അവർ നാടുകടത്തപ്പെടുകയാണ്. ഡോൺ ഡി അൽമയിഡ എന്ന പ്രഭു കുടുംബമായിരുന്നു അത്. കാര്യങ്ങളറിഞ്ഞ ജോൺ അവരെ സമീപിച്ചു.

(തുടരും)






**ജിൻസി കുര്യൻ**
**സോഷ്യൽ വർക്കർ**
**ശാന്തിനിലയം**

**(സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസസഭാ സമൂഹത്തിന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ഇന്ത്യയിലെ വിവിധ സ്ഥാപനങ്ങൾ വായനക്കാർക്ക് പരിചയപ്പെടുത്തുന്ന തിന് ഒരു പുതിയ പംക്തി ആരംഭിക്കു ന്നു. തമിഴ്നാട്ടിൽ ട്രിച്ചിയിൽ പ്രവർത്തി ക്കുന്ന എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തെ ക്കുറിച്ച് ഈ ലക്കത്തിൽ പ്രതിപാദിക്കുന്നു.)**

# ശാന്തിനിലയം

വിശുദ്ധ ജോൺ ഓഫ് ഗോഡിന്റെ ജീവിതമാതൃകയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് 450 വർഷങ്ങളായി ആതുരസേവന രംഗത്ത് പ്രവർത്തിച്ചുവരുന്നു ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസസമൂഹം. ആതുരസേവനത്തിന്റെ വക്താക്കളായ ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സഭയുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലും വിവിധ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാകുന്നു.

ബ്രദേഴ്സിന്റെ മേൽനോട്ടത്തിൽ എയ്ഡ്സ് ബാധിച്ച വർക്കുള്ള പരിചരണം പുനരധിവാസം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ശാന്തിനിലയം. തമിഴ്നാട്ടിലെ ട്രിച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ആധുനിക സമൂഹത്തെ കാർന്നു തിന്നുന്ന എയ്ഡ്സ് എന്ന മാരകരോഗത്തിന് അടിമകളായവർക്ക് തണലാകുന്നു.

പാർശ്വവത്കരിക്കപ്പെട്ടിരിക്കുന്നവരുടെ സമഗ്രവും പൂർണ്ണവുമായ ശുശ്രൂഷ ലക്ഷ്യംവച്ചു പ്രവർത്തിക്കുന്ന ശാന്തിനിലയം 2006 ആഗസ്റ്റ് 14-നാണ് പ്രവർത്തനം ആരംഭിച്ചത്. HIV/AIDS ബാധിച്ചവരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി ഈ സ്ഥാപനം നിലകൊള്ളുന്നു. പ്രായഭേദമെന്യേ HIV യുമായി ജീവിക്കുന്ന ഏതൊരു വ്യക്തിക്കും അഭയം നല്കുന്നതിൽ ഈ സ്ഥാപനം ശ്രദ്ധവയ്ക്കുന്നു. ഗുണനിലവാരമുള്ളതും സമഗ്രവുമായ ആരോഗ്യപരിപാലനം HIV ബാധിച്ചവരും രോഗികളുമായിട്ടുള്ളവർക്ക് നൽകുക എന്ന വീക്ഷണത്തോടെ പ്രവർത്തിക്കുന്ന ശാന്തിനിലയം മാനസികവും ശാരീരികവും ആദ്ധ്യാത്മികവുമായിട്ടുള്ള ഉന്നമനവും, HIV ബാധിച്ചവരുടെ സാമൂഹിക പുനരധിവാസവും പ്രധാന ദൗത്യങ്ങളായി ഏറ്റെടുത്തിരിക്കുന്നു. ഇവ കൂടാതെ HIV ബാധിച്ചവർക്ക് സമഗ്രപരിചരണം വഴി മെച്ചമായ ജീവിതസാഹചര്യം ഒരുക്കുക, HIV മൂലം ജീവിത



ത്തിന്റെ അവസാനഘട്ടത്തിലെത്തിയവരുടെ ആരോഗ്യ പരിചരണം, HIV യുടെ വ്യാപനം തടയുന്നതിനുള്ള സാമൂഹിക ബോധവത്കരണം, രോഗബാധിതരായവരുടെ കുടുംബാംഗങ്ങൾക്കായുള്ള കൗൺസലിംഗ് എന്നിവയിലും അധിഷ്ഠിതമായാണ് ശാന്തിനിലയം പ്രവർത്തിക്കുന്നത്.

HIV ബാധിച്ച 40 പേരെ താമസിപ്പിച്ച് പരിചരണം നൽകുന്നതിനുള്ള സൗകര്യങ്ങളാണ് ശാന്തിനിലയത്തിൽ നിലവിലുള്ളത്. വിശാലമായ പാർലർ, ഓഫീസ്, ഡിസ്പെൻസറി, കൗൺസലിംഗ് റൂം, പ്രാർത്ഥനയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ, മോർച്ചറി എന്നിവയും ശാന്തിനിലയത്തിൽ സജ്ജമാക്കിയിട്ടുണ്ട്.

ട്രിച്ചിയിലെ ജനറൽ ആശുപത്രിയിലെയും, നാഗമംഗലത്ത് പ്രവർത്തിക്കുന്ന സോഫിയ ആശുപത്രിയിലെയും ഡോക്ടർമാരുടെ സേവനമാണ് പ്രധാനമായും ശാന്തിനിലയത്തിലെ രോഗികൾക്കായി ഒരുക്കിയിരിക്കുന്നത്. HIV ബാധിച്ച് മാനസികവും ശാരീരികവുമായി തളർന്നവരാണ് പലപ്പോഴും സ്ഥാപനത്തിലെത്തുക. അതിനാൽ പ്രവേശനം നൽകുന്നതിനു മുൻപുതന്നെ രോഗികളെ ഡോക്ടറെ കാണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു. HIV ബാധിതർക്ക് ഏറ്റവും അത്യാവശ്യമായ സൈക്കോളജിക്കൽ സപ്പോർട്ട് നൽകുന്നതിന് ഒരു കൗൺസിലർ മുഴുവൻ സമയവും ജോലി ചെയ്യുന്നു. രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ആവശ്യമായ ശ്രദ്ധ തനിച്ചും, ബന്ധുക്കളോടൊപ്പവും കൗൺസലിംഗിൽ നല്കുന്നു. അതുവഴി രോഗികളുടെ മാനസിക ഉത്ഘർഷം വർദ്ധിക്കുകയും മനോഭാവത്തിലും പെരുമാറ്റശൈലിയിലും മാറ്റം വരുത്തുന്നതിന് പ്രേരകമാകുകയും ചെയ്യുന്നു. ഇവ കൂടാതെ രോഗികളുടെ ആദ്ധ്യാത്മിക ഉന്നമനത്തിനായി അവരവരുടെ മതവിശ്വാസത്തിലധിഷ്ഠിതമായി ജീവിതത്തി




ന്റെയും മരണത്തിന്റെയും അർത്ഥം കണ്ടെത്തുന്നതിനും ആവശ്യമായ സഹായങ്ങൾ ശാന്തിനിലയത്തിൽ പ്രദാനം ചെയ്യുന്നു.

ധ്യാനം, യോഗ, വ്യായാമങ്ങൾ, T.V. പരിപാടികൾ തുടങ്ങി രോഗിയായി എത്തുന്നവരുടെ മാനസിക ഉല്ലാസത്തിനും ആവശ്യമായ സൗകര്യങ്ങൾ ശാന്തിനിലയത്തിലുണ്ട്. കൂടാതെ ഓരോ രോഗിക്കും ആവശ്യമായ പോഷകസമൃദ്ധമായ ഭക്ഷണവും ഡോക്ടറുടെ നിർദ്ദേശപ്രകാരം നല്കുന്നു.

സമൂഹത്തിൽ HIV ബാധിതരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുകയാണ്. HIV ബാധിതരുടെ സംരക്ഷണം ഒരു വെല്ലുവിളിയായി സമൂഹത്തിൽ അവശേഷിക്കുമ്പോൾ. ശാന്തിനിലയം പോലുള്ള സ്ഥാപനങ്ങളുടെ നിസ്വാർത്ഥമായ സേവനം ആനുകാലിക പ്രസക്തവും ഇതുപോലുള്ള മറ്റു സ്ഥാപനങ്ങൾക്ക് മാതൃകയുമായി മാറുന്നു. ശാന്തിനിലയം ഡയറക്ടർ ബ്രദർ ആന്റണി പാലമറ്റത്തിന്റെ നേതൃത്വത്തിൽ ബ്രദർ റോയി ജോസഫും ജോൺ ഓഫ് ഗോഡ് സിസ്റ്റേഴ്സും സഹപ്രവർത്തകരും ഇവിടെ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു. ●



# നിളയുടെ തീരം



അനീഷ് എം. കെ., MSW

നിളയുടെ തീരം തേടിയലഞ്ഞു ഞാൻ
ഏതോ കിനാവിന്റെ നിലാവെളിച്ചത്തിൽ
യാമത്തിൽ തേങ്ങലിൽ ഇതളിട്ടുനിന്നൊരു
മോഹത്തിൻ ചിറകിന്റെ നേർത്ത ശബ്ദം

ആത്മാവിൽ ആഴത്തിൽ പൊയ്തൊഴിഞ്ഞൊരു
മൗനം വിതുമ്പിയ ഉള്ളിലെ തേങ്ങലിൽ
പാതിതെളിഞ്ഞൊരു ഓർമ്മതൻ ചില്ലയിൽ
സ്വപ്നം മെനെഞ്ഞൊരു പൊരുൾതേടിയലഞ്ഞു ഞാൻ

ഹരിതാഭനിറഞ്ഞൊരു പഴമതൻ തീരത്തു
പ്രേമം തളിർത്തതും ഇതളിട്ടുണർന്നതും
വിരഹം തുളുമ്പിയ മിഴിനീർ കിനാക്കളിൽ
കാണാൻ കൊതിച്ചുഞാൻ കാത്തിരുന്നതും

കാലം ചമച്ചൊരു ചാരുചിത്രത്തിലെ
ചമയങ്ങൾ ഊർന്നൊരാ സായാഹ്നവീഥിയിൽ
തനിമയൊഴിഞ്ഞൊരു നിളാഹൃദയംപോൽ
ഞാനും എൻ മോഹങ്ങളും

അറിഞ്ഞുഞാൻ കാലവും കാലത്തിൻ സത്യവും
നുകർന്നു ഞാൻ നേരും നേരിന്റെ ഗന്ധവും
സർവ്വവും കാക്കുന്ന സ്നേഹമാം സൃഷ്ടാവിൻ
കാരുണ്യവാതിലിൽ കാതോർത്തു നിന്നു ഞാൻ





# അറിവിന്റെ നിറവ്

അറിവിന്റെ ജാലകം വ്യത്യസ്ഥതകളിലേയ്ക്ക് തുറന്നിട്ടുകൊണ്ട് വേറിട്ടൊരു ചിന്തക്ക് തിരികൊളുത്തി ഈ വർഷവും മൂന്നാമത് 'ജോസഫ് ജൂഡ് മെമ്മോറിയൽ ക്വിസ് മത്സരം 'വിജ്ഞാൻ-2008' മാർച്ച് 5-ാം തീയതി കോട്ടയം ജില്ലയിലെ വിവിധ സ്പെഷ്യൽ സ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിൽ നടത്തപ്പെട്ടു.

കോട്ടയം ജില്ലയിലെ പത്തോളം സ്പെഷ്യൽ സ്കൂളുകൾ പങ്കെടുത്ത മത്സരത്തിന്റെ നടത്തിപ്പ് സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിന്റെ തനിമ നിലനിർത്തുന്ന വിധത്തിലുള്ളതായിരുന്നു. ക്വിസ് മാസ്റ്ററുടെ ചടുലമായ ചോദ്യങ്ങൾ അവസാനിക്കുന്നതിനു മുമ്പു തന്നെ കൃത്യമായ ഉത്തരങ്ങൾ നല്കിയ കുരുന്നുകൾ സംഘാടകർക്കും കാണികൾക്കും വിസ്മയമേകി. ഓർമ്മശക്തിക്കും അറിവിന്റെ പുത്തൻ മേഖലകൾക്കും ബുദ്ധിമാന്ദ്യം ഒരു തടസ്സമല്ല എന്നു തെളിയിക്കുകയായിരുന്നു ജോസഫ് ജൂഡ് മെമ്മോറിയൽ ക്വിസ് മത്സരം. മാർച്ച് 5-ന് 10 മണിക്ക് മാലം സെന്റ് മേരീസ് പള്ളിവികാരി റവ. ഫാ. ഷാജി ബഹനാൻ ക്വിസ് മത്സരം ഉത്ഘാടനം ചെയ്തു. പ്രസ്തുതയോഗത്തിന് സെന്റ് ജോൺ ഓഫ് ഗോഡ് സെന്റർ ഡയറക്ടർ ബ്രദർ ജോർജ്ജ് കിഴക്കേക്കര അദ്ധ്യക്ഷത വഹിച്ചു. ക്വിസ് മാസ്റ്റർ ജിസ്മോൻ ആശംസകളും അർപ്പിച്ചു.

ഉച്ചതിരിഞ്ഞ് 1 മണിക്ക് നടത്തപ്പെട്ട സമാപനസമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. തോമസ് കുന്നപ്പള്ളി വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് ഷാജി എ. എസ്. അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ സ്കൂൾ പ്രിൻസിപ്പാൾ സി. ലിറ്റി സേവ്യർ മുഖ്യപ്രഭാഷണം നടത്തി. കട്ടപ്പനയിലെ സെന്റ് ജോൺസ് ഹോസ്പിറ്റൽ നിന്നുമെത്തിയ സോഷ്യൽ വർക്കർ ജിസ്മോൻ മാത്യു മത്സരങ്ങൾ നിയന്ത്രിച്ചു. ജോൺ ഓഫ് ഗോഡ് സെന്ററിലെ സോഷ്യൽ വർക്കർ അനീഷ് എം. കെ. യുടെ നേതൃത്വത്തിൽ വിവിധ കോളേജുകളിൽ നിന്നുമെത്തിയ സോഷ്യൽ വർക്ക് ട്രെയ്നികളും, മാർ സ്ലീവാ നേഴ്സിംഗ് കോളേജ് വിദ്യാർത്ഥികളും, സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപകരും അനദ്ധ്യാപകരും ക്വിസ് മത്സരത്തിന്റെ വിജയത്തിനായി യത്നിച്ചു.







# കലാകായിക ദിനാഘോഷങ്ങൾ

2007-08 അദ്ധ്യയനവർഷത്തിലെ സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിലെ കലാകായിക ദിനാഘോഷങ്ങൾ ഫെബ്രുവരി 8,11 തീയതികളിൽ നടത്തപ്പെട്ടു. 8-ാം തീയതി നടന്ന കായിക മത്സരത്തിൽ തങ്ങളുടേതായ പരിമിതികളിൽ നിന്നുകൊണ്ട് പ്രത്യേകമായി ക്രമീകരിച്ച മത്സര ഇനങ്ങളിൽ കുട്ടികൾ പങ്കെടുത്തു. കായികദിനാഘോഷം പ്രൊവിൻഷ്യാൾ ബ്രദർ അഗസ്റ്റിൻ പോളപ്രയിൽ ഉത്ഘാടനം ചെയ്യുകയും, വൈസ്പ്രൊവിൻഷ്യാൾ ബ്രദർ ബൈജു വാലുപറമ്പിൽ മുഖ്യസന്ദേശം നൽകുകയും ചെയ്തു. ഫെബ്രുവരി 11-ാം തീയതി നടന്ന കലാമത്സരത്തിലും കുട്ടികൾ പങ്കെടുത്തു. മൂന്നു ഗ്രൂപ്പുകളായി നടത്തിയ മത്സരങ്ങളിൽ ബ്ലൂ ഹൗസ് കൂടുതൽ പോയിന്റ് നേടി ഒന്നാമതെത്തി.

## ഈ സേവനപാതയിൽ നിങ്ങൾക്കും പങ്കുചേരാം

ബുദ്ധിമാന്ദ്യത്താലും വൈകല്യങ്ങളാലും വ്യത്യസ്തതകളിലേയ്ക്ക് വിളിക്കപ്പെട്ട നമ്മുടെ സഹോദരങ്ങളെ പരിചരിക്കുന്നതിനും പരിപാലിക്കുന്നതിനും നിങ്ങൾക്കും അവസരമുണ്ട്. അനാഥരായ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ ദത്തെടുക്കുന്നതിനും നിർദ്ധനരായ കുട്ടികളുടെ ജീവിതച്ചെലവു വഹിക്കുന്നതിനും കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകുന്നതിനും നിങ്ങളുടെ ആഘോഷവേളകളിൽ ഇവരോടൊത്ത് ചിലവഴിക്കുന്നതിനും വിലയേറിയ സമയത്തിന്റെ ഒരംശം ഇവർക്കായി വിനിയോഗിക്കുന്നതിനും താല്പര്യമുണ്ടെങ്കിൽ ബന്ധപ്പെടുക.

**ഫോൺ : 0481 – 2373236, 2373222**

# അഭിനന്ദനങ്ങൾ



സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്വൽ സ്കൂളിൽ 2007 – 2008 അദ്ധ്യയനവർഷത്തിലെ മികച്ച അദ്ധ്യാപക അവാർഡിന് അർഹയായ **അനു സെബാസ്റ്റ്യൻ**



സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്വൽ സ്കൂളിൽ 2007 – 2008 അദ്ധ്യയനവർഷത്തിലെ മികച്ച അനദ്ധ്യാപക അവാർഡിന് അർഹയായ **ബെറ്റി സെബാസ്റ്റ്യൻ**

# ജോൺ ഓഫ് ഗോഡ് ബാന്റ് സെറ്റ്



വിവിധ ആഘോഷപരിപാടികളിലും വിശിഷ്ടാതിഥികളുടെ സ്വീകരണങ്ങളിലും ചിട്ടയായ താളവാദ്യങ്ങളുടെ അകമ്പടി നൽകുവാൻ ജോൺ ഓഫ് ഗോഡ് ബാന്റ് സെറ്റ് തയ്യാറായിരിക്കുന്നു. ബുദ്ധിവൈകല്യത്തിന്റെ അതിർവരമ്പുകൾ മറികടന്ന് താളച്ചുവടുകൾ വയ്ക്കുന്ന ഈ കുരുന്നുകൾക്ക് ഒരു കൈത്താങ്ങാകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ജോൺ ഓഫ് ഗോഡ് ബാന്റ് സെറ്റിന് അവസരമൊരുക്കൂ.



## ആശംസകൾ

കഴിഞ്ഞ 4 വർഷക്കാലം സെന്റ് ജോൺ
ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിൽ
സോഷ്യൽവർക്കറായി സ്തുത്യർഹമായ
സേവനം അനുഷ്ടിച്ച് വിദേശത്ത്
പുതിയ ജോലിയിൽ പ്രവേശിച്ച
ശ്രീ. ജോബി ജോസഫിന്
സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ
സ്കൂളിന്റെ കൃതജ്ഞതാശംസകൾ

# ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്
# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്

"വിശന്നവനായ് വിയർത്തവനായ്
നഗ്നനായി നിങ്ങളെന്നെ കാണും
മൺകുടിലിൽ പൂർണ്ണവിവശനായ്
വീണ്ടും നിങ്ങളെന്നെ കാണും
വേദനയാൽ തളർന്നവനായ്
ദാഹംപേറി കുഴഞ്ഞവനായ്
നിരാശനായി തടവറതന്നിൽ
വീണ്ടും നിങ്ങളെന്നെ കാണും
എൻ സ്വരം കേട്ട് വന്നിടണം"





ഈ സ്വരം കേട്ട്...


രോഗികളുടേയും വേദനിക്കുന്നവരുടേയും
ആവശ്യത്തിലിരിക്കുന്നവരുടേയും കവിളുകളിൽ തങ്ങിനിന്ന
കണ്ണീരൊപ്പി, ആദരാത്മകശുശ്രൂഷയിലൂടെ
ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നെയ്ത്തിരിയായിത്തീർന്ന
സെന്റ് ജോൺ ഓഫ് ഗോഡിനെപ്പോലെ... ഹൈറേഞ്ചിലെ പാവങ്ങൾക്കും
രോഗികൾക്കും അശരണർക്കും അത്താണിയായി...

പ്രത്യാശയുടെ വെളിച്ചമായി...
സാന്ത്വനത്തിന്റെ കരമായി...

പാവങ്ങളുടെ വല്യച്ചനായിത്തീർന്ന ബഹു. ബ്ര. ഫോർത്തുനാത്തൂസിനെപ്പോലെ
സമർപ്പണജീവിതത്തിലൂടെ, ചെറിയവരിലൂടെ നമ്മെ സമീപിക്കുന്ന
ഈശോയെ ശുശ്രൂഷിക്കുവാൻ, ഉപവിയുടെ
ഉപകരണങ്ങളാകുവാൻ, വിശുദ്ധിയുടെ സൗരഭ്യം പകരാൻ...

നിങ്ങളും വരുന്നോ?

## കുഞ്ഞനുജൻമാർക്കും കുഞ്ഞനുജത്തിമാർക്കും
## സ്വാഗതം



VOCATION PROMOTER
St. John of God Centre
Velloor P.O., Pampady,
Kottayam, Kerala
Tel : 9495506576, 9961012247

VOCATION PROMOTER
Sisters of Charity of St. John of God
Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 04868 272744

Printed and published by St. John of God Special School, Annadivayal, Velloor P.O., Pampady, Kottayam - 686501
Tel. +91 481 2373236, 2373235, seldjohnofgodschool@yahoo.com, www.stjohnofgodcentre.org
Private Circulation Only